(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സ്വയം തൊഴിൽ സഹായം നൽകിയിട്ടുണ്ട്.

(ബി) അതിന്റെ ഫലമായി എന്തു വിലയുള്ള ഉത്പാദനമോ സേവനമോ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,03,126 പേർക്ക് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പ്രകാരം സ്വയം തൊഴിൽ സഹായം നൽകിയിട്ടുണ്ട്.

(ബി) കണക്കാക്കപ്പെട്ടിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 1510-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

പുരുഷ സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനം

36(1511) ശ്രീ. ഇ. എം. അഗസ്തി:

ശ്രീ. കെ. മോഹൻകുമാർ:

ശ്രീ. ജോർജ് ജെ. മാത്യു:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പുരുഷ സ്വയംസഹായ സംഘങ്ങളുണ്ട്;

(ബി) ഇവയെന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്;

(സി) ഇവയ്ക്ക് എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

റാന്നി ബ്ലോക്കിലെ നബാർഡ് സ്കീം റോഡുകൾ

37(1512) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) റാന്നി ബ്ലോക്കിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുന്ന അറുവച്ചാംകുഴി-ഇടകടത്തി റോഡിന്റെ നിർമ്മാണം ആരംഭിച്ചത് ഏതു വർഷമാണ്;

(ബി) ഇതിനായി എത്ര രൂപയാണ് അനുവദിച്ചത്;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇതുവരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് എത്ര ദിവസമായെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ പ്രവൃത്തി പൂർത്തീകരിക്കാൻ താമസിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഇ) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 13-1-2003ലാണ് പ്രവൃത്തി ആരംഭിച്ചത്.

(ബി) 64.64 ലക്ഷം രൂപയാണ് അനുവദിച്ചത്.

(സി) പ്രവൃത്തി ആരംഭിച്ചിട്ട് മൂന്നു വർഷമായി നിർമ്മാണ പ്രവർത്തനങ്ങൾ ഫോർമേഷൻ ഘട്ടത്തിലാണ്.

(ഡി) കോൺട്രാക്ടറുടെ ഭാഗത്തുനിന്നുള്ള കാലതാമസമാണ്.

(ഇ) പണി അടിയന്തിരമായി പൂർത്തീകരിച്ചില്ലെങ്കിൽ കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രസ്തുത വേല പുനർ ദർഘാസ് ചെയ്യുന്നതാണെന്ന് കോൺട്രാക്ടറെ അറിയിച്ചിട്ടുണ്ട്.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച റോഡുകൾ

38(1513) ശ്രീ. പി. കെ. കെ. ബാവ:

ശ്രീ. പി. കെ. അബ്ദുറബ്ബ്:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly